**ഭരണഭാഷ- മാതൃഭാഷ**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**
ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം - **695033**
ഫോൺ/ഫാക്സ് : **0471-2305318/0471-2305317**
ഇ-മെയിൽ: **ecostatdir@gmail.com**
**Website: www.ecostat.kerala.gov.in**

**നം: DES/520/2024-VIG** **തീയതി: 07-07-2025**

---

**കാരണം കാണിക്കൽ നോട്ടീസ്**

വിഷയം :- ഡിഇഎസ്- വിജിലൻസ് – ശ്രീ.വിജയൻ സി, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-**I** – ഔദ്യോഗിക കൃത്യനിർവണത്തിലെ ഗുരുതരമായ വീഴ്ചകൾ - നിർബന്ധിത വിരമിക്കൽ - കാരണം കാണിക്കൽ നോട്ടീസ്-നൽകുന്നത്-സംബന്ധിച്ച്

സൂചന :-

1. **17/01/2024** ലെ പാലക്കാട് ഡെപ്യൂട്ടി ഡയറക്ടറുടെ **E1/3208/2022/DOESP** നമ്പർ കത്ത്.
2. ഈ ഓഫീസിലെ **EARAS** വിഭാഗത്തിൽ നിന്ന് **23/03/2024** ന് സമർപ്പിച്ച പരിശോധന റിപ്പോർട്ട്.
3. **30/07/2024** ലെ ഇതേ നമ്പർ ഉത്തരവ്.
4. **21/10/2024** ലെ ഇതേ നമ്പർ കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും.
5. **16/11/2024** ലെ പാലക്കാട് ഡെപ്യൂട്ടി ഡയറക്ടറുടെ **E1/3208/2022/DOESP** നമ്പർ കത്ത് മുഖേന ശ്രീ.വിജയൻ സി ലഭ്യമാക്കിയ എതിർവാദ പത്രിക.
6. **19/02/2025** ലെ ഇതേ നമ്പർ ഉത്തരവ്.
7. **03/04/2025** ലെ ഇതേ നമ്പർ ഉത്തരവ്.
8. **29/05/2025** ന് സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്.
9. **29/05/2025** ലെ പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടറുടെ **ESPTA/127/2025-A3** നമ്പർ കത്ത്

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-**I** ആയിരുന്ന (നിലവിൽ റാന്നി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-**I**) ശ്രീ.വിജയൻ സി എന്ന താങ്കൾ അനധികൃതമായി ജോലിയിൽ നിന്ന് വിട്ടുനിൽക്കുന്നതായും ഫീൽഡ് ജോലികളിൽ വീഴ്ച വരുത്തുന്നതായും പരാമർശം **(1)** പ്രകാരം പാലക്കാട് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. പരാമർശം **(2)** പ്രകാരമുള്ള റിപ്പോർട്ടിൽ താങ്കൾക്ക് ചുമതല നൽകിയിട്ടുള്ള അട്ടപ്പാടി **A4** സോണിലെ ഫീൽഡ് ജോലികളിലും, സമർപ്പിക്കേണ്ടതായ ഫാറം-**1**, ഫാറം-**5** എന്നിവ ശരിയായ വിധത്തിൽ രേഖപ്പെടുത്തുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ടെന്നും, **2024** ഫെബ്രുവരി **19**-ന് പാലക്കാട് ജില്ലയിൽ നടന്ന **EARAS** ജില്ലാതല പരിശീലന പരിപാടി, താലൂക്കുതല ദ്വൈവാര

അവലോകന യോഗങ്ങൾ എന്നിവയിൽ താങ്കൾ പങ്കെടുക്കാതിരിക്കുകയും ചെയ്തിട്ടുണ്ടെന്നും ആയത് ഗുരുതരമായ വീഴ്ചയാണെന്നും പരാമർശിച്ചിരിക്കുന്നു. ടി സാഹചര്യത്തിൽ ശ്രീ.വിജയൻ സി എന്ന താങ്കളെ 1960 ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ 10(1)(എ) അനുസരിച്ച് പരാമർശം (3) പ്രകാരം സസ്പെൻഡ് ചെയ്തിരുന്നു. വകുപ്പുതല അന്വേഷണത്തിന്റെ ഭാഗമായി താങ്കൾക്ക് പരാമർശം (4) പ്രകാരം കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക എന്നിവ നൽകിയിരുന്നു. ആയതിന് പരാമർശം (5) പ്രകാരം താങ്കൾ എതിർവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്. പരാമർശം (6) ഉത്തരവ് പ്രകാരം സസ്പെൻഷൻ പിൻവലിച്ചുകൊണ്ട് താങ്കളെ സർവീസിൽ പുനഃപ്രവേശിപ്പിക്കുകയുണ്ടായി.

താങ്കളുടെ ഭാഗത്ത് നിന്നുണ്ടായ ഔദ്യോഗിക കൃത്യനിർവഹണത്തിലെ ഗുരുതരമായ വീഴ്ച, കൃത്യവിലോപം, അച്ചടക്കലംഘനം എന്നിവ സംബന്ധിച്ചും മേൽ പരാമർശിച്ച എല്ലാ വിഷയങ്ങളും പരിശോധിച്ച് താങ്കളെ സർവീസിൽ നിലനിർത്തുന്നത് സംബന്ധിച്ച വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ ജോയിന്റ് ഡയറക്ടർ ആയിരുന്ന ശ്രീമതി.ഷൈലമ്മ കെ-യെയും (നിലവിൽ അഡീഷണൽ ഡയറക്ടർ പ്രൈസസ്) പ്രസന്റിംഗ് ഓഫീസറായി ലേബർ & ഹൗസിംഗ് വിഭാഗം അസിസ്റ്റന്റ് ഡയറക്ടർ ശ്രീ.സിജിത്ത് കെ.എസ്-നെയും ചുമതലപ്പെടുത്തി പരാമർശം (7) പ്രകാരം ഉത്തരവായിരുന്നു.

പരാമർശം (8) പ്രകാരം അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. പ്രസ്തുത അന്വേഷണ റിപ്പോർട്ടിൽ താങ്കൾക്കെതിരെയുള്ള കുറ്റാരോപണ മെമ്മൊയിലെ ചാർജുകൾ എല്ലാം ശരിയാണെന്ന് തെളിഞ്ഞതായി കണ്ടെത്തിയിരിക്കുന്നു. കൂടാതെ താങ്കൾ നിലവിൽ ജോലി ചെയ്യുന്ന പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിൽ അനധികൃതമായി ഹാജരാകാതിരിക്കുകയാണെന്ന് പരാമർശം (9) പ്രകാരം പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിലും, തുടർച്ചയായി ഡ്യൂട്ടിയിൽ വീഴ്ച വരുത്തുന്നതായും ജോലിക്ക് ഹാജരാകാതിരിക്കുന്നതായും റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിലും 1960 ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ പാർട്ട് V ചട്ടം 11(vi) പ്രകാരം താങ്കൾക്ക് **'നിർബന്ധിത വിരമിക്കൽ' (Compulsory Retirement)** നൽകുവാൻ താല്ക്കാലികമായി തീരുമാനമെടുത്തിരിക്കുന്നു. ടി തീരുമാനം നടപ്പിലാക്കാതിരിക്കാൻ കാരണം ഉണ്ടെങ്കിൽ ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ തീരുമാനം സ്ഥിരപ്പെടുത്തുന്നതായിരിക്കും.

Signed by
G S Rajath
Date: 07-07-2025 18:02:33
DIRECTOR (FULL ADDL. CHARGE) DES

ശ്രീ.വിജയൻ സി, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I, -അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പും ഇതോടൊപ്പം നൽകുന്നു. (പത്തനംതിട്ട ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
പകർപ്പ് :-

1. ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, ജില്ലാ ഓഫീസ്, പത്തനംതിട്ട/ പാലക്കാട്
2. ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം, വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
3. താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്,

റാന്നി/മണ്ണാർക്കാട്

4. ഫയൽ / കരുതൽ ഫയൽ